<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനാറാം സമ്മേളനം**</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3860 **11.11..2019-ൽ മറുപടിയ്ക്ക്**

## <u>ആയുർവേദ ചികിത്സാരംഗത്തെ വികസന പ്രവർത്തനങ്ങൾ</u>

| ചോദ്യം<br>**ശ്രീ. വി. ജോയി**<br>**ശ്രീ. എം. മുകേഷ്**<br>**ശ്രീ. ആർ. രാജേഷ്**<br>**ശ്രീ. പി.കെ. ശശി** | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആയുർവേദ ചികിത്സാ രംഗത്ത് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആയുർവേദ ചികിത്സാ രംഗത്ത് ഭാരതീയ ചികിത്സാ വകുപ്പിനും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ അവരെ ആരോഗ്യമുള്ള ജീവിതത്തിലേക്ക് നയിക്കുന്നതിനും എല്ലാ ജില്ലകളിലും വൃദ്ധജന പരിപാലന യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ അവരെ ആരോഗ്യമുള്ള ജീവിതത്തിലേക്ക് നയിക്കുന്നതിനുമായി ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കുന്ന വൃദ്ധജനപരിപാലനം എന്ന പദ്ധതി നിലവിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.<br><br>ആയുർവേദ ചികിത്സയിൽ വൃദ്ധജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന്റെ ഭാഗമായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ ആയുർവേദ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും "പ്രത്യേക വയോജന സംരക്ഷണകേന്ദ്രം' എന്ന പദ്ധതി നടപ്പിലാക്കി ചികിത്സ ലഭ്യമാക്കി വരുന്നുണ്ട്. ഇതിൻപ്രകാരം ചികിത്സ തേടി വരുന്ന വൃദ്ധജനങ്ങൾക്കായി പ്രത്യേക ബെഡുകൾ മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുട്ടികളിൽ ഉണ്ടാകുന്ന അസുഖങ്ങൾ ആയുർവേദ ചികിത്സയിലൂടെ പരിഹരിച്ച് അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന 'ബാലമുകുളം' പദ്ധതിയുടെ വിശദാംശം നൽകുമോ; | (സി) | കുട്ടികളുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുക, ശാരീരിക ക്ഷമത വർദ്ധിപ്പിക്കുക, സ്കൂൾ കുട്ടികളിലുള്ള പകർച്ചവ്യാധി കുറയ്ക്കുക, കുട്ടികളുടെ ദന്തശുദ്ധി നിലനിർത്തുന്നതിലൂടെ ദന്തരോഗങ്ങൾ ഒഴിവാക്കുക, പ്രാഥമിക കേൾവി-കാഴ്ച വിലയിരുത്തൽ, കുട്ടികളിലെ ബുദ്ധിശക്തി വിലയിരുത്തൽ, വ്യക്തിപരവും സാമൂഹികവുമായ ഇടപെടലുകളിലൂടെ കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് ബാലമുകുളം. |
| (ഡി) | ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ 'ജീവനി' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ ജീവനി പദ്ധതി നിലവിൽ നാല് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. (തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ) |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ഭാരതീയ ചികിത്സാ വകുപ്പ്

ഭാരതീയ ചികിത്സാ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2016-17 ൽ 3412 ലക്ഷം രൂപയും, 2017-18 ൽ 4320 ലക്ഷം രൂപയും, 2018-19 ൽ 4133.2 ലക്ഷം രൂപയും, 2019-20 ൽ 4755 ലക്ഷം രൂപയും വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. നാല് ജില്ലകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിച്ചു. തിരുവനന്തപുരം (കരുംകുളം) ആലപ്പുള (രാമങ്കരി), ഇടുക്കി (പള്ളിവാസൽ), എറണാകുളം (മഞ്ഞള്ളൂർ)

2. മലപ്പുറം ജില്ലയിലെ ഇടക്കര ആയുർവേദ ഡിസ്പെൻസറി അപഗ്രേഡ് ചെയ്ത് ആയുർവേദ ആശുപത്രിയാക്കി.

3. വിവിധ വിഭാഗങ്ങളിലായി 101 സ്ഥിരം തസ്തികകളും 8 താത്കാലിക തസ്തികകളും അനുവദിച്ചു.

4. തൃശ്ശൂർ ജില്ലയിൽ 50 കിടക്കളോടുകൂടിയ അത്യാധുനിക രീതിയിലുള്ള ഒരു സ്പോർട്സ് ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചു. (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആന്റ് റിസർച്ച് (KISAR))

5. പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ എട്ട് ജില്ലകളിൽ സിദ്ധ യൂണിറ്റ് ആരംഭിച്ചു.

6. വയനാട് ജില്ലയിൽ ആദിവാസി മേഖലകളിലും മറ്റ് സ്ഥലങ്ങളിലും കണ്ട് വരുന്ന സിക്കിൾ സെൽ അനീമിയ രോഗം പരിഹരിക്കുന്നതിനായി സിക്കിൾ സെൽ അനീമിയ പദ്ധതി ആരംഭിച്ചു.

7. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത കുടുംബങ്ങളിൽ ആരോഗ്യമുള്ള കുട്ടികൾ ഉണ്ടാകുന്നതിനായുള്ള ആയുർവേദ ചികിത്സാ പദ്ധതിയായ നിർവിഷ പ്രോജക്ട് ആരംഭിച്ചു.

8. ഗർഭിണികളായ ആരോഗ്യപരിപാലനത്തിനായി പ്രസൂതി തന്ത്ര പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

9. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ആയുഷ്യം പദ്ധതി 2016-17 മുതൽ 2018-19 വരെ തെരഞ്ഞെടുത്ത ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്.

10. കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനായുള്ള ആയുർവേദ ചികിത്സാ പദ്ധതിയായ കൗമാരഭൃത്യം എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

**സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റു ജില്ലകളിലേക്കും കൂടി വ്യാപിപ്പിച്ച പദ്ധതികൾ**

- കായിക താരങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന തലത്തിൽ 6 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കണ്ണൂർ) നടന്നു വന്നിരുന്ന സ്പോർട്സ് ആയുർവേദ പദ്ധതി പുതുതായി പാലക്കാട് മലപ്പുറം ജിലല്കളിലേക്കു കൂടി വ്യാപിപ്പിച്ചു.

- സ്കൂൾ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനായി നാല് (കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം) ജില്ലകളിൽ നടപ്പിലാക്കി വന്നിരുന്ന ഋതു പദ്ധതി പാലക്കാട്, കണ്ണൂർ ജില്ലകളിൽ കൂടി വ്യാപിപ്പിച്ചു.
- സ്കൂൾ കുട്ടികളുടെ നേത്ര ചികിത്സയ്ക്കായി 2 ജില്ലകളിലായി (എറണാകുളം, തൃശ്ശൂർ)നടപ്പിലാക്കിയിരുന്ന ദൃഷ്ടി പദ്ധതി 3 ജില്ലകളിലേക്കും കൂടി (മലപ്പുറം, കോട്ടയം, ഇടുക്കി) വ്യാപിപ്പിച്ചു.
- പ്രമേഹരോഗ ചികിത്സയ്ക്കായി 3 ജില്ലകളിലായി (തിരുവനന്തപുരം, കൊല്ലം, എറണാകുളം) നടപ്പിലാക്കിയിരുന്ന ജീവനി പദ്ധതി കണ്ണൂർ ജില്ലയിലേക്കു കൂടി വ്യാപിപ്പിച്ചു.

- 10 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കിയിരുന്ന പഞ്ചകർമ്മ യൂണിറ്റ് എല്ലാ ജില്ലകളിലുമായി തെരഞ്ഞെടുക്കപ്പെട്ട 66 ആശുപത്രികളിലായി വ്യാപിപ്പിച്ചു.

- ആയുർവേദ സാന്ത്വന ചികിത്സാ പദ്ധതിയായ സ്നേഹധാര 3 ജില്ലകളിലേക്കു (ആലപ്പുഴ, എറണാകുളം, കോഴിക്കോട്) കൂടി വ്യാപിപ്പിച്ചു.
- 12 ജില്ലകളിൽ നടപ്പിലാക്കിയിരുന്ന യോഗ/പ്രകൃതി ചികിത്സാ പദ്ധതി ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലേക്കു കൂടി വ്യാപിപ്പിച്ചു.

- പക്ഷാഘാതം മൂലമുണ്ടാകുന്ന അസുഖങ്ങൾ നേരിടുന്ന രോഗികളുടെ പുനർജ്ജീവനം ആയുർവേദ ചികിത്സയിലൂടെ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2 ജില്ലകളിൽ (കോട്ടയം കോഴിക്കോട്)നടപ്പിലാക്കിയിരുന്ന പുനർന്നവ പദ്ധതി 2 ജില്ലകളിൽ കൂടി (പത്തനംതിട്ട, കണ്ണൂർ) വ്യാപിപ്പിച്ചു.

- സമൂഹത്തിൽ മാനസികപരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന രോഗികൾക്ക് ആയുർവേദ ചികിത്സയിലൂടെ ഭേദമാക്കുക എന്ന ലക്ഷ്യത്തോടെ 5 ജില്ലകളിൽ (തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) നടപ്പിലാക്കിയിരുന്ന മാനസികം പദ്ധതി 14 ജില്ലകളിലേക്കും വ്യാപിപ്പിച്ചു.

- നിരാലംബരും അശരണരുമായ വൃദ്ധജനങ്ങളുടെ പരിപാലനത്തിനും ആയുർവേദ ചികിത്സയിലൂടെ ആരോഗ്യമുള്ള ജീവിതത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ 4 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ) നടപ്പിലാക്കിയിരുന്ന ജെറിയാട്രിക് കെയർ എനന പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു.

## ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

1. ആയുർവേദ മേഖലയിൽ മാനസിക രോഗ ചികിത്സക്ക് ഭാരതീയ ചികിത്സാവകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ മാത്രമാണ് ആശുപ്രതി നിലവിലുള്ളത്. ഇതിൻപ്രകാരം ആയുർവേദ മേഖലയിൽ മാനസിക രോഗ ചികിത്സക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനായി ഈ സർക്കാർ ആദ്യമായി കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിനു കീഴിലും, മറ്റ് കോളേജുകളിൽ ഘട്ടം ഘട്ടമായും പുതുതായി 50 ബെഡുകളുള്ള മാനസിക രോഗ ആശുപ്രതികൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി.

2. തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജിന് കീഴിലെ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് നിലവിലുള്ള ലാബിൽ പരിശോധനക്കു വിധേയമാക്കാൻ കഴിയാത്ത രക്തസാമ്പിളുകൾ പരിശോധന നടത്തുന്നതിനായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുമായി ചേർന്ന് പ്രത്യേകമായി ഒരു ലാബ് ഈ ആശുപ്രതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

3. തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജ് ആശുപതിയുടെ കീഴിൽ പുതുതായി പണികഴിപ്പിച്ച 5 നില പേവാർഡ് കെട്ടിടം പൂർണ്ണമായി പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

4. തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിന് കീഴിലെ പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആയുർവേദ ആശുപത്രിയിൽ പുതുതായി ലേബർ റൂം ഓപ്പറേഷൻ തീയേറ്റർ എന്നിവ ആധുനിക സൗകര്യങ്ങളോടെ ഉത്ഘാടനം ചെയ്യുകയും ഇത് വിജയകരമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

5. കണ്ണൂർ ആയുർവേദ മെഡിക്കൽ കോളേജ് ആശുപ്രതിയുടെ കീഴിൽ 5 നിലകളിലായി 50 ബെഡ്ഡുകളുള്ള സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

6. ആശുപതിയുടെ നിലവാരം ഉയർത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിന്റെ ഭാഗമായി എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ആശുപത്രികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ